# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4623

26/10/2016-ൽ മറുപടിയ്ക്ക്

## കണ്ടൽ സംരക്ഷണത്തിനായി പെട്രോനെറ്റ് എൽ.എൻ.ജി.യിൽ നിന്നും ലഭിച്ച തുക

ശ്രീ. എസ്. ശർമ്മ

**ഉത്തരം**

ശ്രീ. അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) കണ്ടൽ സംരക്ഷണത്തിനായി എ് പെട്രോനെറ്റ് എൽ.എൻ.ജി.യിൽ നിന്നും ആകെ ലഭിച്ച തുക എത്ര യെന്ന് വ്യക്തമാക്കാമോ; | പെട്രോനെറ്റ് എൽ.എൻ.ജി.യിൽ നിന്നും എറണാകുളം ജില്ലയിൽ കണ്ടൽ വനവൽക്കരണത്തിനുവേണ്ടി 30 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത തുക ഏതൊക്കെ കാര്യങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | ബി) പ്രസ്തുത തുക കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. |
| സി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നത് ആരെന്ന് വ്യക്തമാക്കാമോ; | സി) എറണാകുളം ജില്ലയിൽ കണ്ടൽ വനവൽക്കരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിലെ ഉദ്യോഗസ്ഥരും പ്രെട്രോനെറ്റിലെ ഉദ്യോഗസ്ഥരും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| ഡി) പെട്രോനെറ്റ് എൽ.എൻ.ജി.യുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി ലഭിച്ച തുക വിനിയോഗിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ ജനപ്രതിനിധികളുമായി കൂടിയാലോചിച്ചാണോ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാമോ? | ഡി) വാർഡ് മെമ്പറുമായും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തി അവരുടെ സഹകരണത്തോടെയാണ് പ്രവർത്തികൾ നടപ്പിലാക്കി വരുന്നത്. ഭാവിയിലും ജനപ്രതിനിധികളുമായി കൂടിയാലോചന നടത്തുന്നതിനും അവരുടെ സഹകരണത്തോടെ പ്രവർത്തിക്കുന്നതിനും വകുപ്പ് തയ്യാറാണ്. |

സെക്ഷൻ ഓഫീസർ